(എഫ്) തരിയോട് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ജോലികൾ സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് കഴിവതും വേഗം പൂർത്തിയാക്കുന്നതാണ്.

117 (3300) കുറവിലങ്ങാട് പഞ്ചായത്തിലെ കോളനി നിവാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് പഞ്ചായത്ത് 9-ാം വാർഡിലുള്ള ചാരക്കുന്നുപ്പുറം കോളനിയിലെ 32 വീട്ടുകാർ വൈദ്യുതി കണക്ഷനു വേണ്ടി 1993 നവംബറിൽ അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെ കണക്ഷൻ നൽകാത്തതിന്റെ കാരണമെന്താണ്;

(ബി) കോളനി നിവാസികൾക്ക് എന്നത്തേക്ക് കണക്ഷൻ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിലുള്ള തടസ്സങ്ങൾ പരിഹരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാരക്കുന്നുപുരം കോളനിയിലെ അപേക്ഷകർക്ക് വൈദ്യുതി നല്കണമെങ്കിൽ കോളനിയിലേക്കുള്ള ലൈനിന്റെ പണി പൂർത്തിയാകേണ്ടതുണ്ട്. ഈ ലൈനിന് മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ 1992-93 സാമ്പത്തിക വർഷമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. 1991-92 സാമ്പത്തികവർഷത്തെ മിനിമം ഗ്യാരണ്ടി ലൈൻ എക്സ്റ്റെൻഷൻ ജോലികളാണ് ഇതുവരെ ചെയ്തു തീർന്നിട്ടുള്ളത്. ഈ സാമ്പത്തികവർഷം '93-94 വർഷത്തിൽ എഗ്രിമെന്റ് വെച്ചിട്ടുള്ള ലൈൻ എക്സ്റ്റൻഷൻ ജോലികൾ ചെയ്യാൻ ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. മുൻഗണനാക്രമത്തിനും സാധനസാമഗ്രികളുടെ ലഭ്യതയ്ക്കും വിധേയമായി ഈ ജോലി കഴിവതും വേഗം ചെയ്തുതീർക്കുന്നതാണ്.

(ബി) ലൈനിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ സർവ്വീസ് കണക്ഷൻ രജിസ്റ്റർ ചെയ്ത് കണക്ഷനുകൾ നല്കുന്നതാണ്.

(സി) 1993-94 വർഷത്തെ മിനിമം ഗ്യാരണ്ടി ലൈൻ എക്സ്റ്റൻഷൻ ജോലികൾ പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശം ബോർഡ് നല്കിക്കഴിഞ്ഞു.

118 (3301) കെ.എസ്.ഇ.ബി. യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ഉപഭോക്താക്കളുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly